(ബി) പ്രസ്തുത സെന്ററുകളിൽ രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യമില്ലാത്തവയെത്ര;

(സി) അപ്രകാരമുള്ള സെന്ററുകളിൽ രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രയെണ്ണത്തിൽ ഇതിനുള്ള സൗകര്യം ഈ വർഷം തന്നെ ചെയ്യുവാനുദ്ദേശിക്കുന്നു; ഈ പ്രൈമറി ഹെൽത്ത് സെന്ററിൽ ഗോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യമുണ്ടാക്കുന്നതിന് എന്ത് തുക അധിക ചെലവ് വരും?

ഉത്തരം

(എ) 931

(ബി) 565

(സി) മേൽ പറഞ്ഞിരിക്കുന്ന 565 സ്ഥാപനങ്ങളും മിനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ്. മിനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത് കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിൽസാ സൗകര്യം അനുവദിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കിടത്തി ചികിൽസാ സൗകര്യം ഇല്ലാത്ത 57 സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിൽസാ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. കിടത്തി ചികിൽസാ സൗകര്യം ഏറ്റവും ചുരുങ്ങിയ നിലയിൽ 24 കിടക്കകളോടുകൂടിയ ഒരു പി. എച്ച്. സി. യിൽ പ്രവർത്തിപ്പിക്കുവാൻ മരുന്ന്, ജീവനക്കാരുടെ ശമ്പളം എന്നീ ആവർത്തന ചെലവിനത്തിൽ ഒരു കോടിയോളം രൂപയും, കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കായി ഉദ്ദേശം ഒരു കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

ചെറുതന പി. എച്ച്. സി. യിലെ ഐ. പി. വാർഡ് പ്രവർത്തനവും നിയമനങ്ങളും

144 [1671] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്ത് പി. എച്ച്. സി.യിലെ ഐ. പി. വാർഡ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഐ. പി. വാർഡിന്റെ പ്രവർത്തനത്തിനായി ഏതൊക്കെ തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ എത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെരുതന പി. എച്ച്. സി. യിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഐ. പി. വാർഡിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്

(ബി) അസിസ്റ്റന്റ് സർജൻ—1

സ്റ്റാഫ്നേഴ്സ് —1

നഴ്സിംഗ് അസിസ്റ്റന്റ്—1

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II—1 എന്നീ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു.

(സി) കിടക്കകളുടെ എണ്ണം 14 ആക്കി ഉയർത്താനും പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുമുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

ചാത്തന്നൂർ പി. എച്ച്. സി. യിൽ ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുന്നതിന് നടപടി

145[1672] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ പി. എച്ച്. സി. യിൽ നബാർഡിന്റെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിച്ച് ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ പി.എച്ച്.സി. യിൽ നബാർഡിന്റെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിച്ച് ഐ. പി. വിഭാഗം ആരംഭിക്കുന്നതിനുള്ള 10,70,489 രൂപയുടെ ഒരു പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനു സമർപ്പിച്ചു. എന്നാൽ നബാർഡിന്റെ ആർ. ഐ. ഡി. എഫ്.-X സ്കീമിൽ ആരോഗ്യ മേഖലയ്ക്ക് പ്രത്യേക വിഹിതം വകയിരുത്തിട്ടില്ലാത്തതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചിട്ടില്ല.

പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത് പ്രൈമറി ഹെൽത്ത് സെന്റർ

146 [1673] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത് പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly